മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട്

ഏറത്ത് പഞ്ചായത്ത്

വാർഡ് 16, തുവയൂർ വടക്ക്

പറക്കോട് ബ്ലോക്ക്,

പത്തനംതിട്ട ജില്ല

സോഷ്യൽ ഓഡിറ്റ് സൊസൈറ്റി കേരളം(MGNSASK)

രണ്ടാം നില cwc ബിൽഡിംഗ്

എൽഎംഎസ് കോമ്പൗണ്ട് പാളയം വികാസ് ഭവൻ p o

തിരുവനന്തപുരം, 695033

ഫോൺ നമ്പർ:04712724696

ഈമെയിൽ keralasocialaudit@gmail.com

## ആമുഖം

അവിദഗ്ദ്ധ തൊഴിലാളി കുടുംബങ്ങൾക്ക് തൊഴിൽ സുരക്ഷിതത്വം ലക്ഷ്യമാക്കിയിട്ടുള്ള ഈ പദ്ധതിയിൽ ഒരു കുടുംബത്തിന് ഒരു സാമ്പത്തിക വർഷം 100 തൊഴിൽ ദിനങ്ങൾ സ്വന്തം നാട്ടിൽ ഉറപ്പു നൽകുന്നതോടൊപ്പം; ഉത്പാദന വർദ്ധനവ്, സ്ഥിര ആസ്തി സൃഷ്ടിക്കുക, പരിസ്ഥിതി സംരക്ഷണം, ജീവിത നിലവാരം ഉയർത്തുക എന്നീ ലക്ഷ്യങ്ങളുംഉണ്ട്. ഈ പദ്ധതിയിൽ, ഗ്രാമസഭകളുടെ വർദ്ധിച്ച പങ്കാളിത്തം കൂടാതെ, സാമൂഹിക ഓഡിറ്റിംഗ്, പങ്കാളിത്ത ആസൂത്രണം, നടത്തിപ്പിലും മേൽനോട്ടത്തിലും തദ്ദേശസ്ഥാപനങ്ങളുടെ വർദ്ധിച്ച ഉത്തരവാദിത്തം എന്നീ കാര്യങ്ങളാൽ ജനകീയമായ അടിത്തറ നിലവിൽ വരുന്നു.

- തൊഴിലിനുള്ള മൗലികാവകാശവും, മിനിമം കൂലിയും, സ്ത്രീകൾക്കും പുരുഷന്മാർക്കും തുല്യവേതനവും ഉറപ്പു നൽകുന്നു എന്ന സവിശേഷതയും ഈ പദ്ധതിയുടെ പ്രധാന ഗുണങ്ങളാണ്. ഈ പദ്ധതി കേന്ദ്ര സംസ്ഥാന സർക്കാരുകളുടേയും ത്രിതല പഞ്ചായത്തുകളുടേയും, പൊതുജനങ്ങളുടേയും സഹകരണത്തോടെയാണ് നടപ്പിലാക്കുന്നത്.

## പദ്ധതിയുടെ സവിശേഷതകൾ

- ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് താമസിക്കുന്ന 18 വയസ്സ് പൂർത്തിയായ ഏതൊരാൾക്കും പദ്ധതിയിൽ പങ്കാളിയാകാം
- നിയമത്തിന്റെ പിൻബലമുള്ള അവകാശധിഷ്ഠിത പദ്ധതി
- സ്ത്രീക്കും പുരുഷനും തുല്യ വേതനം
- കരാറുകാരെ ഇടനിലക്കാരോ ഇല്ല
- പരിസ്ഥിതി സംരക്ഷണം കാർഷിക മേഖലയിലെ അടിസ്ഥാന വികസനം എന്നിവയാണ് മുൻഗണന
- തൊഴിലാളികൾ തന്നെ പ്രവർത്തികൾ കണ്ടെത്തുകയും അതിനുള്ള ആസൂത്രണത്തെ സഹായിക്കുകയും ചെയ്യുന്നു
- പൊതുജന പങ്കാളിത്തത്തോടെ കൂടിയുള്ള ലേബർ ബഡ്ജറ്റ്

- സ്ത്രീകൾക്ക് മുൻഗണന
- ഗ്രാമസഭ തന്നെ പദ്ധതി ഓഡിറ്റ് ചെയ്യുന്നു

## സോഷ്യൽ ഓഡിറ്റ്

ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്ത് നടപ്പിലാക്കുന്ന എല്ലാ പ്രവർത്തികളും സോഷ്യൽ ഓഡിറ്റിനു വിധേയമാക്കണമെന്ന് നിയമത്തിലെ 17(2) വകുപ്പ് നിഷ്കർഷിക്കുന്നു. പദ്ധതി പ്രവർത്തനത്തെപ്പറ്റിയും പൊതു ധനം ചെലവഴിക്കും എന്നതിനെപ്പറ്റിയും പൗരസമൂഹം നടത്തുന്ന പരസ്യവും സ്വതന്ത്രവുമായ പരിശോധനയാണ് സോഷ്യൽ ഓഡിറ്റ്. തൊഴിലുറപ്പ് നിയമപ്രകാരം വർഷത്തിൽ രണ്ട് തവണ സോഷ്യൽ ഓഡിറ്റ് ഗ്രാമസഭകൾ എല്ലാ വാർഡിലും നടത്തേണ്ടതാണ്. സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ അഥവാ സാമൂഹിക കണക്കെടുപ്പ് എന്നതിലൂടെ ഉദ്ദേശിക്കുന്നത് പ്രവർത്തി സ്ഥലങ്ങൾ അഥവാ വർക്ക് സൈറ്റുകൾ നേരിട്ട് സന്ദർശിച്ചു തൊഴിലുറപ്പ് തൊഴിലാളികളോടും നിർവഹണ ഉദ്യോഗസ്ഥരോടും അഭിമുഖം നടത്തിയതിലൂടെയും ലഭ്യമായ രേഖകളുടെ വിശദ പരിശോധനയിലൂടെയും ലഭിക്കുന്ന വിവരങ്ങളെ ക്രോഡീകരിച്ച് ഗ്രാമസഭകളിലെ പൊതു സമൂഹത്തെ അറിയിക്കുക എന്നതാണ് പ്രധാനം. ലഭിക്കുന്ന വിവരങ്ങളുടെയും ഗ്രാമസഭകളിൽ ഉയരുന്ന തൊഴിലുറപ്പ് തൊഴിലാളികളുടെ അഭിപ്രായങ്ങളുടെയും നിർവ്വഹണ ഉദ്യോഗസ്ഥരുടെ അഭിപ്രായങ്ങളുടെയും അടിസ്ഥാനത്തിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ നടത്തിപ്പിൽ സുതാര്യതയും ഉത്തരവാദിത്വവും ഊട്ടിയുറപ്പിക്കുക എന്നതാണ് സോഷ്യൽ ഓഡിറ്റ് അഥവാ സാമൂഹിക കണക്കെടുപ്പ് ലക്ഷ്യമിടുന്നത് വസ്തുതാപരമായ കണ്ടെത്തലുകളി ലൂടെ തൊഴിലുറപ്പ് പദ്ധതിയുടെ ഗുണഭോക്താക്കളായ ഗ്രാമീണജനതയുടെ ഉന്നമനത്തിനും പദ്ധതിയുടെ മെച്ചപ്പെട്ട പ്രവർത്തനത്തിന് സോഷ്യൽ ഓഡിറ്റിലൂടെ സാധിക്കുന്നു

## വാർഡിനെക്കുറിച്ച്

| | |
|---|---|
| ജില്ല | :പത്തനംതിട്ട |
| ബ്ലോക്ക് | :പറക്കോട് |
| പഞ്ചായത്ത് | :ഏറത്തു |
| വാർഡ് | :16, തുവയൂർ വടക്ക് |
| ജനസംഖ്യ | :1530 |
| സ്ത്രീകൾ | :696 |
| പുരുഷന്മാർ | :746 |
| ആകെ വീടുകൾ | :476 |
| എസ്. സി കുടുംബങ്ങൾ | :74 |
| എ. പി. ൽ കുടുംബങ്ങൾ | :162 |
| ബി. പി. ൽ കുടുംബങ്ങൾ | :313 |
| അയൽക്കൂട്ടങ്ങൾ | :25 |
| എസ്. സി. കോളനി | :2 |
| അങ്കണവാടി | :2 |
| പൊതുകിണർ | :9 |
| അതിരുകൾ | |

കിഴക്ക് :അന്തിച്ചിറ

പടിഞ്ഞാറ് :ചക്കിമുക്ക്

തക്ക് :പഞ്ചവടി ജംഗ്ഷൻ

വടക്ക് : ഗവൺമെന്റ് എൽ പി.സ്കൂൾ, തുവയൂർ വടക്ക്

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

വാർഡിലെ ആകയെുള്ള തൊഴിൽകാർഡുകൾ :323

സജീവതൊഴിലാളികൾ :92

നൂറുദിനം പൂർത്തീകരിച്ചവർ :37

പഞ്ചായത്തിലെ സൂക്ഷിക്കണേട 7രജിസ്റ്ററുകൾ

1. തൊഴിൽ കാർഡിനുള്ള കുടുംബ അപേക്ഷയുടെ രജിസ്റ്റർ
2. പ്രവർത്തിയുടെ ലിസ്റ്റും ചിലവും വിശദാംശങ്ങൾ സംബന്ധിച്ച് രജിസ്റ്റർ
3. തൊഴിൽആവശ്യപ്പെടുന്നതും തൊഴിൽ കൊടുത്തതും സംബന്ധിച്ച് രജിസ്റ്റർ
4. ഗ്രാമസഭ രജിസ്റ്റർ
5. സ്ഥിര ആസ്തികളുടെ രജിസ്റ്റർ
6. പരാതി രജിസ്റ്റർ
7. സാധന രജിസ്റ്റർ

**ഈ രജിസ്റ്റർ ഒന്നും തന്നെ പരിശോധനക്ക് ലഭിച്ചില്ല. സോഷ്യൽ ഓഡിറ്റിംഗിന് ഫയലുകൾ പരിശോധനക്ക് ലഭിക്കാത്തത് സാമ്പത്തിക ക്രമക്കേടുകളിൽ ഉൾപ്പെടുന്ന കുറ്റമാണ്.**

## സോഷ്യൽ ഓഡിറ്റ് ഫയൽ പരിശോധനയ്ക്ക് വിധേയമാക്കിയ പ്രവർത്തികൾ

| Sl no: | വർക്ക് നയിം | വർക്ക് കോഡ് | ആകെ തൊഴിൽ ദിനങ്ങൾ | പ്രവർത്തി ആരംഭിച്ച തീയതി | പ്രവർത്തി പൂർത്തീകരിച്ച തീയതി | അടങ്കൽ തുക | ചിലവഴിച്ച തുക |
|---|---|---|---|---|---|---|---|
| 1. | മൺകയ്യാല നിർമ്മാണം | LD/313644 | 957 | 22/11/18 | 18/12/18 | 294315 | 266617 |
| 2. | മൺകയ്യാല നിർമ്മാണം . | LD/313643 | 957 | 17/10/18 | 17/11/18 | 295315 | 265513 |
| 3. | റോഡ് കോൺക്രീറ്റിംഗ് | RC/273729 | 84 | 13/3/19 | 26/3/19 | 204255 | 202202 |
| 4. | ലൈഫ് ഭവന പദ്ധതി | IF/368532 | 90 | 16/10/18 | 1/2/19 | 25390 | 24390 |
| 5. | വ്യക്തിഗത കക്കൂസ് | IF/371342 | 5 | 22/12/18 | 21/2/19 | 12002 | 12000 |
| 6 | തട്ടുതിരിക്കൽ | LD/332956 | 1324 | 23/2/19 | 25/3/19 | 392620 | 367909 |

| | | | | | | | |
|---|---|---|---|---|---|---|---|
| 7 | കനാൽ പുനരുദ്ധാരണം കയർ ഭൂവസ്ത്രം ഉപയോഗിച്ച് പാർശ്വഭിത്തി ബലപ്പടുത്തൽ | IC/213970 | 578 | 3/1/19 | 31/1/19 | 287859 | 243433 |
| 8 | കനാൽ പുനരുദ്ധാരണം | IC/321780 | 576 | 3/1/19 | 31/1/19 | 267539 | 241225 |

ഫയൽ പരിശോധിച്ചപ്പോൾ കണ്ടെത്തിയ വിവരങ്ങൾ

| | |
|---|---|
| കവർപേജ് | ഒരു കവർ പേജിൽ ഉണ്ടായിരിക്കേണ്ട പ്രധാന വസ്തുത എല്ലാം തന്നെ ഉണ്ടായിരുന്നു.ജിയോ ടാഗിംഗ് അസ്സെറ്റിൽ ജി പി സ് ലൊക്കേഷനും, അസറ്റ് ഐഡി ഉം, മറ്റേ് പേരും |

| | |
|---|---|
| | രഖേപ്പടെുത്തിയിട്ടില്ല |
| പ്രവർത്തി ഒത്തുനോക്കുന്നതിനുള്ള പട്ടിക | പരിശോധിച്ച് പ്രവർത്തി ഫയലുകളിൽ ചക്കെ്ക്ലിസ്റ്റ് കാണാൻ സാധിച്ചു എന്നാൽ ഒന്നിനും പജേ് നമ്പർ നൽകിയിട്ടില്ല. |
| വാർഷിക കർമ്മ പദ്ധതിയുടെ പകർപ്പ് | വാർഷിക കർമ്മ പദ്ധതിയുടെ പകർപ്പ് എല്ലാ ഫയലിലും ഉണ്ടായിരുന്നു |
| വിശദമായ സാങ്കതേിക എസ്റ്റിമറ്േറിന് പകർപ്പ് | വിശദമായ സാങ്കതേിക എസ്റ്റിമറ്േറിന്റെ പകർപ്പ് പരിശോധിച്ച് പ്രവർത്തി ഫയലിലും കാണുവാൻ സാധിച്ചു, സക്യെൂറിൽ നിന്നും ലഭിച്ച കോപ്പിയായിരുന്നു ഫയലിൽ സൂക്ഷിച്ചിരുന്നത്. ഇതിൽ സീൽ, ഒപ്പ്, തീയതി, എന്നിവ രഖേപ്പടെുത്തിയിരുന്നില്ല. എസ്റ്റിമറ്േറിൽ ഡ്രായിങ് ഡിസൈൻ സർവ്വേ ഡറ്േറാ എന്നിവ ചർേത്തിട്ടില്ല |
| ജനകീയ എസ്റ്റിമറ്േറ് | ഫയലുകളിൽ ജനകീയ ഭാഷയിലുള്ള എസ്റ്റിമറ്േറ് |

| | |
|---|---|
| | കാണാൻ സാധിച്ചു. |
| സാങ്കേതിക അനുമതി യുടെ പകർപ്പ് | സാങ്കേതിക അനുമതിയിൽ സാങ്കേതിക വിദഗ്ധൻ സീൽ തീയതി യോട് കൂടിയ ഒപ്പ് എന്നിവ ഇല്ലായിരുന്നു. |
| ഭരണാനുമതി | ഫയൽ പരിശോധനയ്ക്ക് വിധേയമാക്കിയ എല്ലാ ഫയലിലും ഭരണാനുമതി യുടെ പകർപ്പ് ഉണ്ടായിരുന്നു |
| സംയോജിത പദ്ധതി | പരിശോധിച്ച് പ്രവർത്തികൾ സംയോജിത പദ്ധതിയിൽ ഉൾപ്പെട്ടതായിരുന്നില്ല |
| തൊഴിൽ ആവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷ | തൊഴിലാളികൾ ഗ്രൂപ്പ് ആയിട്ടാണ് തൊഴിലിന് അപേക്ഷിച്ചിരിക്കുന്നത് കൂടാതെ വ്യക്തിഗത അപേക്ഷകളും കാണാൻ കഴിഞ്ഞു. അപേക്ഷയിൽ തൊഴിൽ കാർഡ് ഉടമയുടെ പേര് കാർഡ് നമ്പർ ഒപ്പ് മുതലായവ കണ്ടു.എന്ന് മുതൽ എന്ന് വരെ തൊഴിൽ വേണമെന്ന് കാണിച്ചിട്ടില്ല. |
| ഇ മസ്ട്രോൾ | പ്രവൃത്തിയുമായി |

| | |
|---|---|
| | ബന്ധപ്പട്ടെ മസ്ട്രോൾകൾ പ്രവൃത്തി ഫയലിലുംകാണുവാൻ സാധിച്ചു. മസ്ട്രോളിൽ എം ബുക്ക് നമ്പർ പജേ് നമ്പർ ഇവ രഖേപ്പടുെത്തിയിട്ടില്ല. ആയുധ വാടക ഡീറ്റയിൽസ് കാണുവാൻ സാധിച്ചു,തൊഴിലാളികളുടെ അറ്റൻഡൻസ്, പരേ്, കാർഡ്, നമ്പർ, വദേനം, മുതലായവ കൃത്യമായിരുന്നു |
| മഷെർമനെ്റ് ബുക്ക് | ലഫൈ് ഭവനതിന്റെ ഫയലിൽ എം ബുക്ക് ഇല്ലായിരുന്നു ബാക്കിയുള്ള ഫയലുകളിൽ എല്ലാംതന്നെ എം ബുക്ക് ഉണ്ടായിരുന്നു. |
| സാധനസാമഗ്രികൾ കുറിച്ചുള്ള വിവരങ്ങൾ | ലഫൈ് ഭവനത്തിനും, കക്കൂസ് നിർമാണത്തിനും റോഡ് കോൺക്രീറ്റിംഗിനും സാധനസാമഗ്രികൾ ഉപയോഗിച്ചിരുന്നു. |
| വജേ് ലിസ്റ്റ് | ഫയലുകൾ നോക്കിയതിൽ വജേ് ലിസ്റ്റ് പരിശോധിച്ചപ്പോൾ |

| | |
|---|---|
| | MIS ഇൽ നിന്നും എടുത്ത വേജ് ലിസ്റ്റ് പകർപ്പ് ഉണ്ടായിരുന്നു. |
| ഫണ്ട് ട്രാൻസ്ഫർ ഓർഡർ | ഫയൽ പരിശോധനയിൽ എല്ലാം തന്നെ ഫണ്ട് ട്രാൻസ്ഫർ ഓർഡർ ഉണ്ടായിരുന്നു. |
| റോയൽറ്റി | വ്യക്തിഗത ഗുണഭോക്താക്കളുടെ കരം അടച്ച രസീത് പകർപ്പ് പ്രവർത്തി ഫയലിലും സൂക്ഷിച്ചിട്ടുണ്ട്. |
| മൂന്ന് ഘട്ട ഫോട്ടോഗ്രാഫ് | പരിശോധിച്ച് പ്രവർത്തി ഫയലിൽ 3 ഘട്ട ഫോട്ടോഗ്രാഫുകൾ സൂക്ഷിച്ചിട്ടുണ്ട്. |
| പ്രവർത്തി പൂർത്തീകരണ സാക്ഷ്യപത്രം | പരിശോധിച്ച് പ്രവർത്തി ഫയലുകളിൽ പ്രവർത്തി പൂർത്തീകരണ സാക്ഷ്യപത്രം ഉണ്ടായിരുന്നെങ്കിലും അതിൽ ഒന്നിൽ തന്നെ ഒപ്പോ തീയതിയോ സീലോ ഒന്നും തന്നെ കാണുവാൻ സാധിച്ചില്ല. |
| മസ്ട്രോൾ മൂവ്മെന്റ് സ്ലിപ്പ്/ ഫയൽ ട്രാക്കിംഗ് | ഫയൽ പരിശോധനയിൽ ഒന്നും തന്നെ മസ്റ്റ്റോൾ മൂവ്മെന്റ് സ്ലിപ് കാണുവാൻ സാധിച്ചില്ല |

| | |
|---|---|
| ജിയോ ടാഗ് ഫോട്ടോഗ്രാഫുകൾ | പരിശോധിച്ച് പ്രവർത്തി ഫയലുകളിൽ ജിയോ ടാഗ് ഫോട്ടോഗ്രാഫ് കാണുവാൻ സാധിച്ചില്ല. |
| സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് | പ്രവൃത്തിയുമായി ബന്ധപ്പെട്ട സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് നടത്തിയിട്ടില്ല |
| സൈറ്റ് ഡയറി | പ്രവർത്തി ഫയലുകളിൽ സൈറ്റ് ഡയറികൾ ഉണ്ടായിരുന്നു. |

ഫീൽഡ് തല പരിശോധനയിൽ കണ്ടെത്തിയവ

എസ്റ്റിമേറ്റ് പ്രകാരം 8 പ്രവർത്തികളുടെ ഫയൽ ഉം പ്രവർത്തി സ്ഥലവും പരിശോധിക്കുക ഉണ്ടായി.

* കയർ ഭൂവസ്ത്രം ഉപയോഗിച്ചു രണ്ടു കനാലിന്റെ ഭിത്തി സംരക്ഷണം , രണ്ടു കയ്യാല നിർമാണം, റോഡ് കോൺക്രീറ്റിംഗ്, വ്യക്തിഗത കക്കൂസ്, ലൈഫ് ഭവന പദ്ധതി, തട്ടുതിരിക്കൽ ഇത്രയും ആയിരുന്നു പ്രവർത്തികൾ.

*എസ്റ്റിമേറ്റിൽ പറഞ്ഞിട്ടുള്ള എല്ലാ ഉപഭോക്താക്കളുടെ പ്രവർത്തികളും ചെയ്തതായി കാണാൻ സാധിച്ചു.

*എന്നാൽ മൺകയ്യാല നിർമാണ പ്രവർത്തികളിൽ പലതും എസ്റ്റിമേറ്റ് പ്രകാരം ഉള്ള അളവുകളിൽ കൂടുതൽ ചെയ്തിട്ടുണ്ട്.

- സി. ഐ. ബി ഒന്നും തന്നെ ഇതുവരെ സ്ഥാപിച്ചിട്ടില്ല

*കനാൽ കാടുകയറി കിടക്കുന്നത് കാരണം കയർ ഉപയോഗിച്ചിരിക്കുന്ന സ്ഥലങ്ങൾ കൃത്യമായി അറിയുക ബുദ്ധിമുട്ടായിരുന്നു

*റോഡ് കോൺക്രീറ്റിംഗ് അവർക്ക് വളരെ അധികം പ്രയാസം നിറഞ്ഞ ഒരു വർക്ക് ആയിരുന്നെന്നു

*ലൈഫ് ഭവനത്തിന്റെ 2 ലക്ഷം, മാത്രമേ ഇതുവരെ കിട്ടിയുള്ളൂ, ബാക്കി ലഭിച്ചിട്ടില്ലന്നെ് അറിയിച്ചു, പാസ്ബുക്ക് പരിശോധിച്ചപ്പോൾ അത് ശരിയാണന്നെ് ബോധ്യപ്പെട്ടു. ആദ്യത്തെ ഗഡു 40000 16/10/18 ൽ കിട്ടി, രണ്ടാമത്തെ ഗഡു 1, 60000 22/10/18 ൽ കിട്ടി

*വ്യക്തിഗത കക്കൂസ് നിർമാണത്തിന്റെ പൈസെ ഇനിയുംഉപഭോക്താവിന് ലഭിക്കാനുണ്ട് ഉണ്ട്, പണി പൂർത്തീകരിച്ചതാണ്.

*തട്ടുതിരിക്കൽ പ്രവർത്തി എല്ലാം പൂർത്തീകരിച്ചതാണ്,

**അനുവദനീയമായ പ്രവർത്തികൾ**

1.ഭവന നിർമ്മാണം (വ്യക്തിഗതം )

2.അങ്കണവാടി കെട്ടിട നിർമ്മാണം (പൊതുസമൂഹം)

3.ജൈവവേലി (പൊതുസമൂഹം )

4.തോട് പുനരുദ്ധാരണം (പൊതുസമൂഹം )

5.കനാലുകളുടെ പുനരുദ്ധാരണം (പൊതുസമൂഹം )

6.സബ് കനാലുകളുടെ നവീകരണം

7.കാലിത്തൊഴുത് നിർമ്മാണം (വ്യക്തിഗതം )

8.നഴ്സറി നിർമ്മാണം

9.പൊതുസ്ഥലങ്ങളിൽ വൃക്ഷങ്ങൾ വച്ചുപിടിപ്പിക്കുകയും അതിനെ സംരക്ഷിക്കുകയും.

10.കൃഷി സ്ഥലങ്ങളിലുള്ള കിണർ നിർമ്മാണം

11.റോഡ് കോൺക്രീറ്റിംഗ്

ഫോക്കസ് ഗ്രൂപ്പ് ഡിസ്കഷൻ

*100 തൊഴിൽദിനങ്ങൾ പൂർത്തീകരിച്ച 37 കുടുംബാംഗങ്ങളാണ് വാർഡ് 16 ഉള്ളത് എന്നാണ് അറിയാൻ സാധിച്ചത്

* തൊഴിലാളികൾക്ക് അവരുടെ അവകാശങ്ങളെക്കുറിച്ച് അറിയാമായിരുന്നെങ്കിലും 15 ദിവസത്തിനുള്ളിൽ തൊഴിൽ ലഭിച്ചില്ലെങ്കിൽ തൊഴിലില്ലായ്മ വേതനം കിട്ടുമെന്ന കാര്യത്തിൽ വലിയ ധാരണ ഉണ്ടായിരുന്നില്ല

* എം ജി എൻ ആർ ജി എ നിയമപ്രകാരം തൊഴിലിടങ്ങളിൽ അടിസ്ഥാന സൗകര്യങ്ങളായ കുടിവെള്ളം തണലൊരുക്കാൻ ഉള്ള ടാർപോളിൻ പ്രഥമശുശ്രൂഷകൾ നല്കണേ്ടതുണ്ട് എന്നാൽ തൊഴിലാളികളിൽ നിന്നും ലഭിച്ച വിവരമനുസരിച്ച് എ ഡി സ് ന്റെ പൈസയിൽ നിന്നും എടുത്തിട്ടാണ് ഇതൊക്കെ വാങ്ങിയിട്ടുള്ളത്

* പല സൈറ്റുകളിലും സി ഐ ബി ബോർഡ് കാണാൻ സാധിച്ചില്ല

* ആദ്യകാലങ്ങളിൽ മാത്രമേ തൊഴിലുറപ്പ് തൊഴിലാളികൾക്ക് പണിയായുധങ്ങൾ ലഭിച്ചിരുന്നുള്ളൂ

* വിജിലൻസ് ആൻഡ് മോണിറ്ററിങ് കമ്മിറ്റി ആദ്യകാലങ്ങളിൽ ഉണ്ടായിരുന്നു

പിന്നീട് അതില്ല  എന്നാണ് പറഞ്ഞത്.

## തൊഴിൽ കാർഡിൽ കണ്ടെത്തിയ വിവരങ്ങൾ

തൊഴിൽ കാർഡിൽ ഡിമാൻഡ് ചെയ്ത വിവരമോ തൊഴിൽ ആവശ്യപ്പെട്ട തീയതി, തൊഴിൽ ആവശ്യം പെട്ട കാലയളവ് (ആദ്യദിവസം, അവസാനദിവസം ) തൊഴിൽ ദിവസങ്ങളുടെ എണ്ണം, ഇ. മസ്റ്റർ റോൾ നമ്പർ ലഭിച്ച കൂലി ഗ്രാമ റോസ്ഗാർ സഹായകന്റെ /ചുമതല യുള്ള ഉദ്യോഗസ്ഥർന്റെ ഒപ്പ്, കൂലി കൊടുത്ത തീയതി തൊഴിൽ ഇല്ലായിമ വതേനം തുടങ്ങി യവ ഒന്നും തന്നെ രഖേ പെടുത്തിയിട്ടില്ല . തൊഴിൽ ലഭിക്കുന്നതും ആവശ്യപെടുന്നത് സംബദ്ധിച്

AMC 2018-19പാരാ 6 ഷഡ്യൂൾ പ്രകാരം തൊഴിൽ ആവശ്യംപെട്ട് 15 ദിവസത്തിനുള്ളിൽ തൊഴിൽ ലഭിക്കാൻ ഉള്ള അവകാശം തൊഴിലാളി കൾക്ക് ഉള്ളതാണ്. എന്നാൽ തൊഴിലാളികൾ ഡിമാൻഡ് ഫോമുകളിൽ  ഇതുവരെ അപേക്ഷ കൊടുക്കുകയോ രസീത് വാങ്ങി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല . ഫയൽ പരിശോധിച്ചപ്പോൾ ഡിമാൻഡ് അപ്ലിക്കേഷൻ ഫോം ഒന്നും തന്നെ കാണാൻ സാധിച്ചില്ല. 68 തൊഴിലാളികളുടെ തൊഴിൽ കാർഡ് പരിശോധിച്ചതിൽ പ്രകാരം 6800 രൂപ തൊഴിൽ കാർഡിലെ ഫോട്ടോയ്ക്ക് ചെലവഴിച്ചതായി കണ്ടെത്തി

## കണ്ടെത്തലുകളും നിർദ്ദേശങ്ങളും

- തൊഴിലാളികൾക്ക് അവരുടെ അവകാശങ്ങളെക്കുറിച്ച് കൃത്യമായ ഒരു ധാരണയുണ്ടായിരുന്നില്ല,
- തൊഴിലിന് അപേക്ഷ  കൊടുത്ത്  15 ദിവസത്തിനുള്ളിൽ തൊഴിൽ ലഭിച്ചില്ലെങ്കിൽ തൊഴിലില്ലായ്മ വതേനം ലഭിക്കുമെന്നും  തൊഴിൽ ചെയ്ത കൂലി  ലഭിക്കാൻ കാലതാമസം നരേിട്ടാൽ പഞ്ചായതിൽ അപേക്ഷ കൊടുത്ത് കപ്പെറ്ററസീത് വാങ്ങിയാൽ നഷ്ടപരിഹാരം ലഭിക്കുമെന്നോ അവർക്കറിയില്ല.
- ക്രിയാത്മക ചർച്ചയിലൂടെ തൊഴിലാളികളുടെ പരമ്പരാഗത അറിവിനെ പ്രയോജനപ്പെടുത്തി അവരുടെ അഭിപ്രായങ്ങൾ ഉൾപ്പെടുത്തി

ഗ്രാമസഭയിൽ ഉയർന്നുവരുന്ന നിർദ്ദേശങ്ങൾ ഉൾക്കൊണ്ട് വേണം ഉദ്യോഗസ്ഥർ തൊഴിൽ തിരഞ്ഞെടുക്കേണ്ടത്.

- തൊഴിലുറപ്പു നിയമം തൊഴിലാളികൾക്ക് ഉറപ്പു നൽകുന്ന തൊഴിൽ സൗകര്യങ്ങളായ സുരക്ഷാ ഉപകരണങ്ങൾ ലഭ്യമായി എന്ന് ബോധ്യപ്പെട്ടവർ ഉറപ്പുവരുത്തണം.
- നിയമപ്രകാരം ഉടമകൾ അവരുടെ ഭൂമിയിൽ തൊഴിലുറപ്പ് പദ്ധതി പ്രകാരം കൃഷിയോഗ്യമാക്കാൻ അപേക്ഷ നൽകുകയും അത് പ്രകാരം അവർക്ക് ചെയ്തു കൊടുക്കുകയാണ് ചെയ്തത്.
- പ്രവർത്തികൾ തിരഞ്ഞെടുക്കുമ്പോൾ ഭൂപ്രകൃതിയനുസരിച്ച് ആ പ്രദേശത്ത് ചെയ്യാൻപറ്റുന്ന പ്രവർത്തികൾ ആണ് എന്ന് ഉദ്യോഗസ്ഥർ ഉറപ്പുവരുത്തണം.
- പദ്ധതി ആസൂത്രണത്തിന് വേണ്ട പരിശീലനം തൊഴിലുറപ്പ് സ്റ്റാഫുകൾക്ക് മേറ്റ് മാർക്കും നൽകേണ്ടിയിരിക്കുന്നു.

## തൊഴിലാളികളുടെ അവകാശങ്ങൾ

തൊഴിലാളികൾക്ക് പത്ത് അവകാശങ്ങൾ പ്രധാനം ചെയ്യുന്നു അവ ഏതൊക്കെയാണെന്ന് ചുവടെ ചേർക്കുന്നു

- തൊഴിൽ കാർഡ് ലഭിക്കുവാൻ ഉള്ള അവകാശം
- അപേക്ഷിച്ചു 15 ദിവസത്തിനുള്ളിൽ തൊഴിൽ ലഭിക്കുവാനുള്ള അവകാശവും ആയതിനാൽ കൈപ്പറ്റ് രസീത് ലഭിക്കുവാനുള്ള അവകാശവും
- തൊഴിൽ ലഭിച്ചില്ലെങ്കിൽ തൊഴിലില്ലായ്മ വേതനം ലഭിക്കുവാനുള്ള അവകാശം
- ഷെൽഫ് ഓഫ് പ്രോജക്ട് തയ്യാറാക്കുവാൻ ഉള്ള അവകാശo
- 5 കിലോമീറ്ററിനുള്ളിൽ തൊഴിൽ ലഭിക്കാനുള്ള അവകാശം അല്ലെങ്കിൽ 10% വേതനം ലഭിക്കണം.
- വേദന വിതരണത്തിലെ കാലതാമസത്തിന് നഷ്ടപരിഹാരം ലഭിക്കാനുള്ള അവകാശം
- കുടിവെള്ളം വിശ്രമ സൗകര്യം പ്രഥമശുശ്രൂഷ സൗകര്യം ലഭിക്കാനുള്ള അവകാശം
- 15 ദിവസത്തിനുള്ളിൽ വേതനം ലഭിക്കാനുള്ള അവകാശം
- പരാതി പരിഹാരത്തിനുള്ള അവകാശം
- സോഷ്യൽ ഓഡിറ്റ് നടത്തുവാനുള്ള അവകാശം

## പദ്ധതിയിൽ തൊഴിൽ ലഭിക്കുന്നതിനുള്ള വ്യവസ്ഥകൾ

1. അവിദഗ്ധ കായികാധ്വാനം സന്നദ്ധതയുള്ള വരും പഞ്ചായത്തിലെ സ്ഥിരതാമസക്കാരായ ആയിരിക്കണം
2. 18 വയസ്സ് പൂർത്തിയായിരിക്കണം
3. ഗ്രാമപഞ്ചായത്തിൽ അപേക്ഷിച്ച് 15 ദിവസത്തിനകം തൊഴിൽ ലഭിക്കും
4. കുറഞ്ഞത് 14 ദിവസത്തേക്ക് തൊഴിലിന് അപേക്ഷിക്കണം
5. ജോലിക്ക് മുൻകൂറായി അപേക്ഷിക്കണം
6. അപേക്ഷിച്ച് 15 ദിവസത്തിനകം തൊഴിൽ അല്ലെങ്കിൽ നിശ്ചിത

നിരക്കിലുള്ള തൊഴിലില്ലായ്മ വേതനം

7. തൊഴിൽ നൽകിക്കൊണ്ടുള്ള അറിയിപ്പ് രേഖാമൂലം നൽകണം
8. മസ്റ്റർ റോൾ പൂർത്തീകരിച്ച് 15 ദിവസത്തിനകം കൂലി
9. കാലതാമസം ആകുന്ന ഓരോ ദിവസത്തിനും 0.5 ശതമാനം നിരക്കിൽ നഷ്ടപരിഹാരം
10. കുടിക്കാനുള്ള വെള്ളം പ്രഥമശുശ്രൂഷ സൗകര്യം എന്നിവ പണി ഇടങ്ങളിൽ ഉണ്ടായിരിക്കണം.

## തൊഴിലാളികളുടെ കടമകൾ

1. കൃത്യസമയത്ത് തൊഴിൽ സ്ഥലത്ത് ഹാജരായ ഒപ്പുവയ്ക്കുക
2. തൊഴിലുറപ്പ് ഗ്രാമസഭകളിലും സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ യിലും കൃത്യമായി പങ്കെടുക്കുക
3. പണിസ്ഥലത്ത് പ്ലാസ്റ്റിക് വസ്തുക്കൾ ഉപയോഗിക്കുവാനോ കത്തിക്കുവാൻ പാടുള്ളതല്ല
4. സിറ്റിസൺ ഇൻഫോർമേഷൻ ബോർഡ് പ്രവർത്തിയുടെ ആരംഭഘട്ടത്തിൽ തന്നെ നിർബന്ധമായും വെക്കേണ്ടതാണ്
5. പ്രകൃതി സംരക്ഷണത്തിന് ആവശ്യമായ പ്രവർത്തികൾ ഏറ്റെടുത്തു നടപ്പിലാക്കുക
6. ആസ്തി സൃഷ്ടിക്കുന്ന പദ്ധതികൾ കണ്ടെത്തി പഞ്ചായത്ത് അധികൃതരെ അറിയിക്കുക

## നിർദ്ദേശങ്ങൾ

**തൊഴിലാളികൾക്ക്:**

1.തൊഴിലാളികൾ കൃത്യമായി അവകാശങ്ങൾ മനസ്സിലാക്കുകയും അതുവഴി അവകാശങ്ങൾ നേടിയെടുക്കുകയും വേണം.

2. തൊഴിൽ സംബന്ധമായ ഏത് രേഖകൾ നൽകുമ്പോഴും ബന്ധപ്പെട്ട

അധികാരികളിൽ നിന്ന് കൈപ്പറ്റ് രസീത് വാങ്ങേണ്ടതാണ്.

3. തൊഴിൽ ഗ്രൂപ്പായി കണ്ടെത്തി അത് ചെയ്യുവാൻ പഞ്ചായത്തിൽ തൊഴിൽ അപേക്ഷ നൽകുന്നത് വഴി 100 ദിവസത്തെ തൊഴിലുറപ്പ് ആക്കാൻ ശ്രമിക്കുക

4. ജോലി സമയത്തിൽ കൃത്യത പാലിക്കുകയും മസ്റ്റർ റോളിൽ ഒപ്പിടുകയും തൊഴിൽ കാർഡ് നൽകി കൃത്യമായി പൂരിപ്പിച്ച ശേഷം തിരികെ വാങ്ങേണ്ടതാണ്

5. ഗ്രാമസഭകളിൽ പങ്കെടുത്ത നിർദ്ദേശങ്ങളും അഭിപ്രായങ്ങളും അറിയിക്കേണ്ടതാണ്.

**മേറ്റ്മാർക്ക്**

1. സൈറ്റ് ഡയറി മസ്റ്റർ റോൾ തൊഴിൽ കാർഡ് എന്നിവ കൃത്യമായി രേഖപ്പെടുത്തുക, വെട്ടിതിരുത്തലുകൾ ഉണ്ടാകാൻ പാടില്ല

2. പരിശീലനത്തിൽ ലഭിച്ച വിവരങ്ങൾ തൊഴിലാളികൾക്ക് മനസ്സിലാക്കി കൊടുക്കുക

3. തൊഴിൽ കാർഡുകൾ പൂരിപ്പിച്ചശേഷം തൊഴിലാളികൾക്ക് നിർബന്ധമായും കാർഡുകൾ തിരികെ നൽകുക

4. ദാഹജലം തണൽ മരുന്നുകൾ ഇവ പണിസ്ഥലത്ത് ഉണ്ടെന്ന് ഉറപ്പുവരുത്തുക

5. സൈറ്റ് ഡയറി കൃത്യമായി പൂരിപ്പിക്കുന്നതോടൊപ്പം മോണിറ്ററിങ് എത്തുന്നവരുടെ നിർദ്ദേശങ്ങളും ഒപ്പം കൃത്യമായി രേഖപ്പെടുത്തുക

6. മറ്റു തൊഴിലാളികൾ മേറ്റ് സ്ഥാനം ഏറ്റെടുക്കുന്നതിന് സഹായിക്കുക

**ഉദ്യോഗസ്ഥർക്ക്**

1. തൊഴിൽകാർഡ് ആവശ്യപ്പെട്ടിട്ടുള്ള എല്ലാവർക്കും 15 ദിവസത്തിനുള്ളിൽ തൊഴിൽ കാർഡ് സൗജന്യമായി നൽകുന്നു എന്ന് ഉറപ്പാക്കുക

2. പ്രവർത്തി സ്ഥലം പരിശോധിച്ച് പ്രവർത്തി ആവശ്യമെങ്കിൽ അർഹമായവർക്ക് വേണ്ടി എസ്റ്റിമേറ്റ് തയ്യാറാക്കുക

3. പദ്ധതിയുടെ പുരോഗതി കൃത്യമായി മോണിറ്ററിംഗ് ചെയ്ത നിർദ്ദേശങ്ങൾ നൽകേണ്ടതാണ്

4. ഫയലിൽ ഉൾപ്പെടുന്ന എല്ലാ രേഖകളിലും ചുമതല ഉള്ള ഉദ്യോഗസ്ഥരുടെ പേര് ഒപ്പ് സീല് തീയതി ഇവ കൃത്യമായി രേഖപ്പെടുത്തണം

5. ജനകീയ എസ്റ്റിമേറ്റ് നിർബന്ധമായും ഉണ്ടാക്കണം

6. ആനുവൽ മാസ്റ്റർ സർക്കുലറിൽ പരാമർശിച്ച രീതിയിൽ പ്രവർത്തി ഫയലിൽ സൂക്ഷിക്കേണ്ട22 രേഖകൾ കൃത്യമായി സൂക്ഷിക്കണം.

7. പ്രവർത്തി ആരംഭ മീറ്റിംഗിൽ പ്രവർത്തിയെ കുറിച്ച് കൃത്യമായി തൊഴിലാളികളെ പറഞ്ഞു മനസ്സിലാക്കേണ്ടതാണ്

8. ലേബർ ബഡ്ജറ്റ് വാർഷിക കർമ്മ പദ്ധതി പ്രോജക്ട് വർക്ക് കലണ്ടർ എന്നിവ തയ്യാറാക്കുന്നതിൽ തൊഴിലാളികളുടെയും ഗുണഭോക്താക്കളുടെ യും പങ്ക് ഉറപ്പിക്കേണ്ടത് ആണ്.

**ഗ്രാമ പഞ്ചായത്തിനോട്**

1. കൃത്യമായി നഗരസഭ സഹോഷ്യൽ ഓഡിറ്റ് ഗ്രാമസഭ നടത്തുക

2. ഇപ്പോഴുള്ള വിജിലൻസ് മോണിറ്ററിംഗ് കമ്മിറ്റി അംഗങ്ങളെ യഥാസമയം മാറ്റി സാമൂഹ്യ വിശ്വാസവും സേവന മനസ്ഥിതിയുമുള്ള അംഗങ്ങളെ ഉൾപ്പെടുത്തി പുതിയ കമ്മിറ്റി രൂപീകരിക്കുക

3. സ്ഥിര  ആസ്തിയുള്ള പ്രവർത്തനങ്ങൾ തിരഞ്ഞെടുക്കണം

4. ജലസംരക്ഷണ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തുക

5. തൊഴിലുപകരണങ്ങൾ ഗുണമേന്മയുള്ളതും സ്ത്രീ സൗഹൃദവും ആണെന്ന് ഉറപ്പാക്കുക

6. തുക വിനിയോഗിക്കുന്നതിന് ആപേക്ഷികമായ ആസ്തികൾ ഉണ്ടാകുന്നു എന്ന് ഉറപ്പുവരുത്തുക.

പൊതു നിർദ്ദേശങ്ങൾ

- തൊഴിലാളികൾക്ക് വർഷത്തിൽ പണിക്കുള്ള അപേക്ഷ ഒരുമിച്ച് നൽകാൻ പ്രേരിപ്പിക്കണം ഇത് ഫ്രണ്ട് ഓഫീസിൽ തന്നെ നൽകണം തീയതി രേഖപ്പെടുത്തിയ കൈപ്പറ്റ് രസീത് നൽകണം
- വ്യത്യസ്തവും ക്രിയാത്മകവുമായ പ്രവർത്തികൾ ഏറ്റെടുക്കുകയും അത്

കൃത്യമായി നടപ്പാക്കുകയും ചെയ്യാം

പദ്ധതി നടത്തിപ്പിലെ ഉന്നതതല ഉദ്യോഗസ്ഥർ

അവരുടെ ചുമതലകൾ കൃത്യമായി … . നിർവഹിക്കുന്നു എന്ന് ഉറപ്പാക്കണം

- പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട എല്ലാ വിഭാഗത്തിലുമുള്ള ഉദ്യോഗസ്ഥർ പറ്റുന്നത്ര പ്രവർത്തി സ്ഥലങ്ങളിൽ കൃത്യമായി സന്ദർശിച്ച് ഇരിക്കേണ്ടതാണ്
- വി എം സി അംഗങ്ങൾ അവരുടെ ചുമതലകൾ കൃത്യമായി നിർവഹിക്കുന്നവർ ആയിരിക്കണം. ഒരു സ്വതന്ത്ര ഓഡിറ്റിംഗ് സമിതിയായി വളരേണ്ടതുണ്ട്. കുറഞ്ഞത് അഞ്ചു പേർ എങ്കിലും ഉണ്ടായിരിക്കണം. പകുതി ആളുകൾ സ്ത്രീകൾ ആയിരിക്കണം, വിഎംസി അംഗങ്ങളെ ഗ്രാമസഭയിൽ നിന്നു തിരഞ്ഞെടുക്കണം, അവരുടെ കാലാവധി ആറുമാസം ആയിരിക്കണം. എസ് സി, എസ് ടി അംഗങ്ങൾ ഉണ്ടായിരിക്കണം.
- സുതാര്യത ഉറപ്പാക്കാൻ എല്ലാ പ്രവർത്തി സ്ഥലത്തും സി ഐ ബി സ്ഥാപിച്ചിരിക്കണം.
- പങ്കാളിത്ത സമീപനം പദ്ധതി ആസൂത്രണത്തിൽ കർഷകരെയും തൊഴിലാളികളെയും പൊതുസമൂഹത്തെയും ഉൾപ്പെടുത്താൻ കഴിയണം
- ജനകീയ എസ്റ്റിമേറ്റ് തയ്യാറാക്കുവാനും തൊഴിലാളികൾക്ക് ലഭ്യമാക്കുകയും അവരെ പറഞ്ഞു മനസ്സിലാക്കുകയും വേണം
- തൊഴിലാളികൾക്ക് സുരക്ഷാ ഉപകരണങ്ങൾ പഞ്ചായത്ത് തലത്തിൽ വാങ്ങി സൂക്ഷിക്കുകയും ഇവ തൊഴിലാളികൾക്ക് ലഭ്യമാകുന്ന ഉണ്ടോ എന്ന് ഉറപ്പുവരുത്തുകയും ചെയ്യണം
- മേറ്റ് മാരെ തിരഞ്ഞെടുക്കുമ്പോൾ വിവേചനം പാടില്ല
- പ്രകൃതിവിഭവ പരിപാലനത്തിന് പ്രാധാന്യം നൽകി വേണം പദ്ധതികൾ ആസൂത്രണം ചെയ്യുവാൻ
- മേറ്റ് മാർക്കും വി എം സി അംഗങ്ങൾക്കും സമയബന്ധിതമായി പരിശീലനം നൽകണം
- ജൈവ സമ്പത്ത് വർദ്ധിപ്പിക്കുന്ന പ്രവർത്തികൾ ഏറ്റെടുക്കുവാൻ ശ്രമിക്കണം

- സ്ത്രീ സൗഹൃദ പണിയായുധങ്ങൾ ആണെന്ന് ഉറപ്പാക്കണം
- മസ്ട്രോള് എന്നത് ചെക്ക് ബുക്കിന്ന് തുല്യമാണ് ആയതിനാൽ അതിനകത്തു വെട്ടിത്തിരുത്തലുകൾ വരുത്താൻ പാടില്ല.

## കാൽക്കുലേഷൻ

വർക്ക് കോഡ് :LD/313644( മൺ കയ്യാല നിർമ്മാണം)

| Sl.no: | ഉപഭോക്താവിന്റെ പേര് | നീളം | വീതി | ഉയരം | വിസ്തീർണ്ണം |
|---|---|---|---|---|---|
| 1 | രഞ്ജിനി കാർത്തിക | 186m | 0.6m | 1m | 111.6m3 |
| 2 | ബേബി സുബിൻ ഭവനം | 50m | 0.6m | 1.2m | 36m3 |
| 3 | രത്നമ്മ ബീന ഭവനം | 20m | 0.50m | 0.8m | 8m3 |
| 4 | മായാദേവി വിഷ്ണു ഭവനം | 65m | 0.75m | 1m | 48.75m3 |
| 5 | രാജു ഡി ബിജു ഭവൻ | 155m | 0.625m | 0.9m | 87.18m3 |
| 6 | പത്മ ശ്രുതി നിലയം | 225m | 0.65m | 0.7m | 131.62m3 |
| 7 | സൂസമ്മ മുകളുവിള പുത്തൻവീട് | 180m | 0.525m | 1.1m | 103.95m3 |
| 8 | അമ്പിളി പ്രസന്ന | 182m | 0.9m | 1m | 163.8m3 |

| | | | | | |
|---|---|---|---|---|---|
| | ഭവനം | | | | |
| 9 | സരസ്വതി പനച്ചവിള | 225m | 0.50m | 0.95m | 106.87m3 |
| 10 | ലളിതാംബിക ഹിമം | 140m | 0.55m | 1.3m | 100.1m3 |
| 11 | സിന്ധു കുഴിയിൽ പുത്തൻവീട് | 45m | 0.57m | 0.6m | 18.9m3 |
| 12 | കുഞ്ഞുമോൾ തക്കേ ചക്കാലയിൽ | 125m | 0.525m | 1m | 131.25m3 |
| 13 | സുനിത വലിയവിളയിൽ | 60m | 0.50m | 1.9m | 57m3 |
| | | | | Total area | 1105.03m3 |

എം ബുക്ക് പ്രകാരമുള്ള വിസ്തീർണം =952.865m3

പരിശോധിച്ചപ്പോൾ ലഭിച്ചത്=952.865*188.89=179986.66

ഫീൽഡ് പരിശോധനയിൽ കണ്ടത്തിയത്

1105.03*188.89=208729.11

എം ബുക്ക് ലെ അളവിനെകൊളും കൂടുതൽ അളവിൽ കയ്യാല കെട്ടിയിട്ടുണ്ട്.തൊഴിലാളികൾക്ക് ലഭിച്ച തുകക്കുള്ളതിനെകൊട്ടിലും ജോലി കൂടുതൽ അവർ ചെയ്തിട്ടുണ്ട്. ഇതിൻ പ്രകാരം 106 തൊഴിൽ ദിനങ്ങൾ കൂടി അധികത്തിൽ കണ്ടത്താൻ സാധിക്കുമായിരുന്നു

സി. ഐ. ബി -2485, ബോർഡ് സ്ഥാപിച്ചിട്ടില്ല

ബാധ്യത :2485

File 2

വർക്ക് കോഡ് :313643

| Sl no: | ഉപഭോക്താവിന്റെ പേര് | നീളം | വീതി | ഉയരം | വിസ്തീർണം |
|---|---|---|---|---|---|
| 1 | പുഷ്പാംഗദൻ മനോജ്ഭവനം | 160m | 0.8m | 0.7m | 89.6m3 |
| 2 | സുഭദ്ര കാർത്തിക് ഭവനം | 50m | 0.5m | 1m | 25m3 |
| 3 | ശോഭന സഞ്ജു സദനം | 190m | 0.6m | 0.9m | 102.6m3 |
| 4 | നന്ദിനി സോമരാജൻ ചിത്തിര ഭവനം | 150m | 0.50m | 0.62m | 46.87m3 |
| 5 | അജിത് കുമാർ ധനശ്രീ | 200m | 0.72m | 1m | 144m3 |
| 6 | അംബികാ കീഴൂട്ട് | 23m | 0.6m | 1.2m | 16.56m3 |
| 7 | ആനന്ദവല്ലി അമ്മ വള്ളി വിളയിൽ | 160m | 0.5m | 1.3m | 80m3 |
| 8 | പ്രകാശ ആദർശ് ഭവൻ | 150m | 0.54m | 1m | 88.5m3 |
| 9 | സുധാമണി അശ്വതി ഭവനം | 125m | 0.55m | 1.1m | 75.62m3 |

| | | | | | |
|---|---|---|---|---|---|
| 10 | ജലജാമണി പാലവിളയിൽ | 150m | 0.80m | 0.7m | 84m3 |
| 11 | വിജയൻ കാർത്തിക | 102m | 0.5m | 1m | 51m3 |
| 12 | സുകുമാരി അമ്മ വിഷ്ണു ഭവനം | 100m | 0.45m | 1.4m | 63m3 |
| 13 | സതീ ഭായി പ്രപഞ്ചം | 80m | 0.6m | 1m | 48m3 |
| 14 | രതി അക്ഷയ നിവാസ് | 110m | 0.5m | 1.3m | 71.5m3 |

ഫീൽഡ് പരിശോധനയിൽ ലഭിച്ച വിസ്തീർണം = 986.26m3

എം ബുക്ക് പ്രകാരമുള്ള വിസ്തീർണം =952.87m3

പരിശോധിച്ചപ്പോൾ ലഭിച്ചത് 952.87*188.89=179987.63

ഫീൽഡ് പരിശോധനയിൽ കണ്ടെത്തിയത്
986.86*188.89=186294.6
വ്യത്യാസം=6307

M ബുക്ക് ലെ അളവിനെക്കാളും തൊഴിലാളികൾ ജോലികൂടുതൽ ചെയ്തതായി ഫീൽഡ് പരിശോധനയിൽ കണ്ടെത്തി. ഇതിൻപ്രകാരം 23 തൊഴിൽ ദിനങ്ങൾ കൂടി അധികത്തിൽ കണ്ടെത്താൻ സാധിക്കുമായിരുന്നു

സി ഐ ബി -2485, ബോർഡ് സ്ഥാപിച്ചിട്ടില്ല

*ബാധ്യത* :2485

File 3( തട്ട് തിരിക്കൽ)

വർക്ക് കോഡ് :LD/332956

| Sl.no | ഉപഭോക്താവിന്റെ പേര് | നീളം | വീതി | ആഴം | വിസ്തീർണ്ണം |
|---|---|---|---|---|---|
| 1 | ഗീതാ | 650m | 1.4m | 0.5m | 45m3 |

| | | | | | |
|---|---|---|---|---|---|
| | ശ്രീരംഗം | | | | |
| 2 | ബീന കുറ്റിയിൽ | 270m | 1.5m | 0.6m | 243m |
| 3 | ശാന്തമ്മ അയോധ്യ മന്ദിരം | 627m | 1m | 0.5m | 313m3 |
| 4 | അനിതകുമാരി അർച്ചനഭവനം | 200m | 1.2m | 0.6m | 144m3 |
| 5 | രത്നമ്മ സിന്ധു ഭവനം | 675m | 1m | 0.5m | 337.5m3 |
| 6 | രത്നമ്മ ബീന ഭവനം | 200m | 0.8m | 0.6m | 96m3 |
| | | | | ആകെ വിസ്തീർണ്ണം | 1588.5m3 |

പരിശോധിച്ചപ്പോൾ ലഭിച്ച വിസ്തീർണം =1588.5m3

എം ബുക്ക് പ്രകാരമുള്ള വിസ്തീർണം =1512.5m3

എം ബുക്ക് പ്രകാരം കണ്ടത്തെിയത് =1512.5*145.8=220522.5

ഫീൽഡ് പരിശോധനയിൽ ലഭിച്ചത് 1588.5*145.8=231603.3

തൊഴിലാളികൾ കൂടുതൽ വർക്ക് ചെയ്തതായി ഫീൽഡ് പരിശോധനയിൽ കണ്ടത്തെിയിരിക്കുന്നു. ഇതിൻ പ്രകാരം 40 തൊഴിൽദിനങ്ങൾ കൂടി അധികത്തിൽ കണ്ടത്താൻ സാധിക്കുമായിരുന്നു

സി ഐ ബി -2485, ബോർഡ് സ്ഥാപിച്ചിട്ടില്ല

ബാധ്യത :2485

File 4

ലൈഫ് ഭവനപദ്ധതി

വർക്ക് കോഡ് :IF/368532

ഫീൽഡ് പരിശോധന നടത്തിയതിൽ നിന്നും കണ്ടെത്താൻ സാധിച്ചത്

* വീടുപണി പൂർത്തീകരിച്ചിട്ടുണ്ട്

* ഘട്ടംഘട്ടമായി പണം ലഭിച്ച തീയതി പാസ്ബുക്ക് നോക്കി പരിശോധിച്ചതിൽ നിന്ന് ആ തീയതി പ്രകാരം ആണ് മസ്ട്രോള് അനുവദിച്ചിരിക്കുന്നതെന്ന് കാണാൻ കഴിഞ്ഞു

* രണ്ടു തവണയായി രണ്ടു ലക്ഷം രൂപ ലഭിച്ചിട്ടുണ്ട് ബാക്കി തുക ഇതുവരെ ലഭിച്ചിട്ടില്ല

* ഉപഭോക്താവിനെ പേരിലാണ് മസ്ട്രോള് പ്രിന്റ് ചെയ്തിരിക്കുന്നത്.

* ഉടമയുടെ പേര് വിജയമ്മ എന്നാണ്, തൊഴിലുറപ്പ് അംഗമാണ്

File 5

വ്യക്തിഗത കക്കൂസ് നിർമ്മാണം

വർക്ക് കോഡ് :IF/371342

| പ്രവർത്തിയുടെ പേര് | പ്രവർത്തിയുടെ കോഡ് | നീളം | വീതി | ഉയരം | വിസ്തീർണം |
|---|---|---|---|---|---|
| വ്യക്തിഗത കക്കൂസ് നിർമ്മാണം | IF/371342 | 8.43 | 0.2 | 1.60 | 2.697 |
| | | 0.7(പാതിൽ ) | 0.2 | 1.82 | 0.254 |
| | | 0.6(വെന്റിലേഷൻ ) | 0.2 | 0.2 | 0.024 |

0.2548+0.024=0.4948
0.04948-2.6976=2.4428

ഫീൽഡ് പരിശോധനയിൽ ലഭിച്ചത് 2.4428*4030=9844.4

എം ബുക്ക് പ്രകാരം ഉള്ളത=1.628*4030=6560.84

എം ബുക്ക് ൽ പറഞ്ഞ അളവിൽ ആണ് കക്കൂസ് നിർമ്മിച്ചിരിക്കുന്നത്. പ്രസ്തുത പ്രവർത്തി പൂർത്തീകരിച്ചതായിട്ടും ഉപയോഗ്യമായിട്ടുമാണ് കണ്ടത്തെിയത്.

File 6

റോഡ് കോൺക്രീറ്റിംഗ്

( ചിറക്കരോട് പടി തോന്നല്ലൂർ ചിറ)

(RC/273729)

മുകളിൽ നിന്നുള്ള വീതി=6.5m

നടുക്കുള്ള വീതി=2.7m

അവസാന ഭാഗത്തെ വീതി =3.1m

ശരാശരി വീതി=4.17m

ആകയെുള്ള നീളം=80.7m

സി ഐ ബി -3000, ബോർഡ് സ്ഥാപിച്ചിട്ടില്ല

ബാധ്യത :3000

File7

കനാൽ പുനരുദ്ധാരണം കയർഭൂവസ്ത്രം ഉപയോഗിച്ച് പാർശ്വഭിത്തി ബലപ്പെടുത്തൽ

വർക്ക് കോഡ് -IC/213970

ആകെ 150 മീറ്റർ മാത്രമേ അളക്കുവാൻ സാധിച്ചുള്ളൂ ബാക്കി കാടുകയറി കിടക്കുകയാണ്

സി ഐ ബി -4480, ബോർഡ് സ്ഥാപിച്ചിട്ടില്ല

ബാധ്യത :4480

File 8

കനാൽ പുനരുദ്ധാരണം കയർ ഭൂവസ്ത്രം ഉപയോഗിച്ച് പാർശ്വഭിത്തി ബലപ്പെടുത്തൽ

IC/321780

ജ്യോതി പൂരത്തിന് കിഴക്ക് 56.50 മീറ്റർ അളന്നു അതിൽ 36.50മീറ്റർ കയറിട്ടിട്ടുണ്ട്.

ബാക്കി കാടുപിടിച്ചു കിടക്കുന്നതിനാൽ അളക്കാൻ സാധിച്ചില്ല

ജ്യോതി പൂരം മുതൽ നല്ലമണ്ണിൽ വരെ 310 മീറ്റർ അളന്നതിൽ 55 മീറ്റർ

കയറിട്ടിട്ടുണ്ട് ബാക്കി കാടുപിടിച്ചു കിടന്നതിനാൽ അളക്കാൻ സാധിച്ചില


സി ഐ ബി -4480, ബോർഡ്  സ്ഥാപിച്ചിട്ടില്ല

ബാധ്യത :4480

സി ഐ ബി സ്ഥാപിക്കാത്തത് മൂലമുള്ള

ആകെ ബാധ്യത :19415

ജിയോ ടാഗ്ഗ്ഡ് ഫോട്ടോ




മഹാത്മാഗാന്ധി ദശേീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം തൊഴിലാളികൾക്ക് ആനുകൂല്യങ്ങളക്കെുറിച്ച് അതുമായി ബന്ധപ്പടെ്ട ആവശ്യകതയക്കെുറിച്ച് ഒരു വിശദീകരണം ഈ റിപ്പോർട്ട് മുഖാന്തരം തൊഴിലാളികൾക്ക് എത്തിക്കാൻ സാധിക്കും ഈ റിപ്പോർട്ട് അടിസ്ഥാനത്തിൽ നിങ്ങൾക്ക് പ്രാപ്തമാക്കാൻ കഴിയുന്ന ഒട്ടനവധി വാസ്തുപരമായ കാര്യങ്ങൾ നിങ്ങൾക്ക് ഏവർക്കും കഴിയട്ടെ.

## നന്ദി

സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് തയ്യാറാക്കുന്നതിന് സഹായിച്ച പത്തനംതിട്ട ഡി ആർ പിക്കും പറക്കോട് ബ്ലോക്ക് എ ഇ ക്കും ഏറത്തു ഗ്രാമപഞ്ചായത്ത് 16ആം വാർഡ് മെമ്പർ, മറ്റു ഉദ്യോഗസ്ഥർ തൊഴിലുറപ്പ് തൊഴിലാളികൾ മേറ്റ് മാർ എന്നിവർക്കും ഹൃദയം നിറഞ്ഞ നന്ദി രഖേപ്പടുെത്തുന്നു

## സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് തയ്യാറാക്കിയവർ

അശ്വതി. വി. എ സ്

സജിത

മിഥുൻ

**ഏറത്തു ഗ്രാമപഞ്ചായത് പതിനാറാം വാർഡ് സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ**



2019 നവംബർ 28 ആം തീയതി വ്യാഴാഴ്ച തുവയൂർ വടക്ക് കൊട്ടക്കാട്ടുപടി സാംസ്കാരിക നിലയത്തിൽ വച്ച് കൂടിയ വാർഡ് 16 സോഷ്യൽ ഓഡിറ്റ് ഗ്രാമസഭയിൽ ജനപ്രതിനിധികൾ എംജിഎൻആർഇ ജി യുടെ ഉദ്യോഗസ്ഥർ, തൊഴിലാളികൾ, റിസോഴ്സ് പഴ്സൺമാർ ഉൾപ്പെടെ 67 പേർ പങ്കെടുത്തു ഗ്രാമസഭയിൽ എടുത്ത തീരുമാനങ്ങൾ ചുവടെ ചേർക്കുന്നു.

## ഗ്രാമസഭയിൽ എടുത്ത നിർദ്ദേശങ്ങൾ

✍ അടുത്ത തൊഴിലുറപ്പ് പ്രവർത്തി മുതൽ ജനകീയ എസ്റ്റിമേറ്റ് ലഭ്യമാക്കണമെന്ന് നിർദ്ദേശിച്ചു

✍ മസ്റ്റർറോളിൽ വെട്ടിത്തിരുത്തലുകൾ ഉണ്ടായാൽ അതിന് കാരണം മേറ്റ് ഒരു വെള്ളപേപ്പറിൽ എഴുതി ഫയലിൽ സൂക്ഷിക്കണമെന്ന് നിർദ്ദേശിച്ചു

✍ ഡിമാൻഡ് ഫോം ഇനിമുതൽ പഞ്ചായത്തിൽ നിന്നും യാതൊരു ചെലവുമില്ലാതെ ലഭ്യമാകും

✍ 14 ദിവസം കൂടുമ്പോൾ മേറ്റ് മാറും

✍ വിഎംസി അംഗങ്ങളെ അടുത്ത ഗ്രാമസഭയിൽ നിന്നും തിരഞ്ഞെടുക്കണമെന്ന് പറഞ്ഞു

✍ തൊഴിൽ കാർഡിനായി അപേക്ഷിക്കുന്നു വ്യക്തികൾക്ക് പഞ്ചായത്തിൽ നിന്നും ഫോട്ടോയെടുത്തു നൽകുകയോ അല്ലെങ്കിൽ പൈസ റീഫണ്ട് ചെയ്യാനുള്ള സൗകര്യം ഒരുക്കുകയോ ചെയ്യും.

✍ മൂന്നുമാസമായി കിട്ടാനുള്ള വേതനം എത്രയും പെട്ടെന്ന് ലഭ്യമാക്കണം

## ഗ്രാമസഭയിൽ എടുത്ത തീരുമാനങ്ങൾ

✍ അടുത്ത തൊഴിലുറപ്പ് പ്രവർത്തി മുതൽ_ജനകീയ ഭാഷയിലുള്ള എസ്റ്റിമേറ്റ് ലഭ്യമാക്കും.

✍ വിഎംസി അംഗങ്ങളെ അടുത്ത ഗ്രാമസഭയിൽ വെച്ച് തിരഞ്ഞെടുക്കും

✍ മസ്റ്റർ റോളിൽ വെട്ടി തിരുത്തലുകൾ ഉണ്ടായാൽ അതിനുകാരണം മേറ്റ് ഒരു വെള്ളപേപ്പറിൽ എഴുതി നൽകും

- റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്ന പ്രവർത്തിയുടെ സി ഐ ബി യുമായി ബന്ധപ്പെട്ട ബാധ്യത

  സി ഐ ബി സ്ഥാപിച്ചതിനാൽ ബാധ്യതയിൽ നിന്ന് ഒഴിവാക്കിയിരിക്കുന്നു

ശേഷം vrp പുരാഗ് നന്ദി രേഖപ്പെടുത്തി. 4.35 ന് ഗ്രാമസഭാ റിപ്പോർട്ട് അംഗീകരിച്ചു, ദേശീയ ഗാനത്തോട് കൂടി ഗ്രാമസഭ അവസാനിപ്പിച്ചു.

**അദ്ധ്യക്ഷൻ :**

DRP :
BRP :